വർണ വരവേൽപ്: കണ്ണൂരിൽ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടന ഘോഷയാത്രയിൽ നിന്ന്.

ആശാനേ... തേങ്ങ കറക്ട് കിട്ടീ ട്ടാ..!

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ പാചകപ്പുരയിൽ തേങ്ങ ഉടയ്ക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ.

ജവാഹർ സ്റ്റേഡിയത്തിലെ പാചകപ്പുരയിൽ പഴയിടം മോഹനൻ നമ്പൂതിരി ഉപ്പേരി തയാറാക്കുന്നു.

ഭക്ഷണശാലയിലെ തേങ്ങയുടെ കണക്കു നോക്കിയപ്പോൾ കൃത്യം. ഒരാഴ്ചയ്ക്കുവേണ്ട 30,000 തേങ്ങയും സ്റ്റോക്കുണ്ട്. തേങ്ങ 'കറക്ടാ'യി എത്തിച്ചതു ജില്ലയിലെ വിവിധ സ്കൂളുകളിലെ കുട്ടികളാണ്. മീട്ടുമുയലിനു കാരറ്റിനടുത്തെത്താനുള്ള വഴി കാട്ടിക്കൊടുത്തുള്ള പരിചയംവച്ചു ജില്ലയിലെ കൂട്ടുകാർ ഭക്ഷണശാലയിലെത്തിച്ചത് ഒരാഴ്ചത്തേക്കു വേണ്ട കാരറ്റാണ്. കണ്ണൂരിലെ രണ്ടു സ്കൂളുകളിലെ കുട്ടികളാണ് ഒന്നും രണ്ടും വീതം കാരറ്റുകളെത്തിച്ചു കേരളമാകെയുള്ള അതിഥികൾക്കു വിരുന്നൊരുക്കാൻ സഹായിച്ചത്. ഒരു സ്കൂളിലെ വിദ്യാർഥികൾ എത്തിച്ചത് സവാളയാണ്. പോരാത്തതും മറ്റു സാധനങ്ങളും ഭക്ഷണകമ്മിറ്റി കണ്ണൂർ ജില്ലാ മൊത്തവ്യാപാര സഹകരണ സംഘത്തിൽനിന്നു വാങ്ങി. മധുരതരമായ ഒരുകാര്യം കൂടി, പ്രധാനാധ്യാപകരുടെ സംഘടനയാണു പഞ്ചസാര സംഭാവന നൽകിയത്.

ലൈൻ കൊള്ളാം; വെള്ളമടി മുട്ടില്ല

പൊലീസ് സൊസൈറ്റി മുതൽ സ്റ്റേഡിയംവരെ ജല അതോറിറ്റിയിട്ട 200 മീറ്റർ പൈപ്പ്‌ലൈൻ ഭക്ഷണശാലയുടെ ഐശ്വര്യം. ഇടതടവില്ലാതെ പാചകപ്പുരയിൽ വെള്ളമെത്തുന്നത് ആ പൈപ്പ്‌ലൈൻ വഴിയാണ്. കലോത്സവം പ്രമാണിച്ച് പ്രത്യേക താൽപര്യമെടുത്ത് കോർപറേഷൻ സ്ഥാപിച്ച പൈപ്പ്‌ലൈൻ മേള കഴിഞ്ഞാലും സ്റ്റേഡിയത്തിന് ഉപകരിക്കും. പുൽമൈതാനം നനയ്ക്കാനും ശുചിമുറികളിൽ വെള്ളമെത്തിക്കാനും പൈപ്പ്‌ലൈൻ സഹായകമാകും.

എണ്ണാമെങ്കിൽ എണ്ണിക്കോ!

- ഭക്ഷണപ്പന്തലുകൾ രണ്ട്. രണ്ടിലുംകൂടി 3200 പേർക്ക് (2000+1200) ഒരേസമയം ഇരിക്കാം.
- രണ്ടു പന്തലുകളിലായി 14 നിരകൾ. ഒരുനിരയിൽ 38 വിളമ്പുകാർ
- ഊണിന് എല്ലാ ദിവസവും എട്ടു കൂട്ടം വിഭവങ്ങൾ. കൂടാം, കുറയില്ല.
- വിളമ്പാൻ പന്തിയിൽ അധ്യാപകർ 500. പടയ്ക്കു പിന്നിൽ (റിസർവ്) 100.
- ഭക്ഷണശാലയിൽ ലൈവ് വൊളന്റിയർമാർ 100. സ്പോർട്സ് സ്കൂളിൽനിന്ന് 70 വിദ്യാർഥികൾ. ടിടിഐയിൽനിന്ന് 30.
- ശുദ്ധജലം സംഭരിക്കാൻ 5000 ലീറ്ററിന്റെ 10 ടാങ്കുകൾ. വെള്ളം വറ്റാതിരിക്കാൻ (റിസർവ്) 3000 ലീറ്ററിന്റെ രണ്ടു ടാങ്കുകൾ.

ഭക്ഷണശാലയിലേക്ക് ആകെ വേണ്ടത്

അരി: 22,000 കിലോ
പച്ചക്കറി: 24,000 കിലോ
പാൽ: 8,500 ലീറ്റർ
തൈര്: 5,000 ലീറ്റർ
തേങ്ങ: 30,000
വാഴയില: മൂന്നു ലക്ഷം
പാചകവാതകം: 200 സിലിണ്ടർ
വെള്ളം: മൂന്നു ലക്ഷം ലീറ്റർ

ഇന്നത്തെ ഉച്ചഭക്ഷണം

ചോറ്, സാമ്പാർ, മോര്, അവിയൽ, കിച്ചടി, തോരൻ, അച്ചാർ, പായസം: മിക്സഡ് വെജിറ്റബിൾ.

പാട്ട് പാടുവാൻ വന്നവൾ നീ...

- കലോൽസവത്തിന്റെ നല്ലോർമകളിലേക്ക് കൂട്ടുവിളിച്ച് ഉദ്ഘാടനവേദിയിൽ ചിത്രഗീതം

കണ്ണൂർ● കലോൽസവ നഗരിയിലേക്കു പഴയ ഓർമകളുടെ ചിരി നിറയുന്ന ഓർമകളുമായി കേരളത്തിന്റെ വാനമ്പാടി കെ.എസ്.ചിത്ര വന്നിറങ്ങി. ചിത്രയെന്ന രണ്ടക്ഷരത്തിനു ചിരിയെന്നുകൂടി അർഥമുണ്ടോ? മലയാളികൾക്കു മുഴുവൻ പരിചയമുള്ള ആ നിഷ്കളങ്കമായ ചിരിതന്നെയായിരുന്നു അതിനും മറുപടി.

മുൻപ്, വളരെ മുൻപ്, കലോൽസവത്തിൽ കച്ചവട കണ്ണുകൾ പതിയുന്നതിനു മുൻപു തലസ്ഥാനത്തെ കോട്ടൺഹിൽ സ്കൂളിൽനിന്ന് ഒരു പാവാടക്കാരി കലോൽസവത്തിൽ മത്സരിക്കാനെത്തി. അന്നും അവിടെ ചിരിമഴ പെയ്തു. മലയാളിയുടെ സംഗീത ലോകത്ത് പുതിയ നാമ്പുകൾ മുളച്ചു. പിന്നീടത് ഒരു വൻമരമായി മലയാളിയുടെ മനസ്സിൽ പടർന്നു. കെ.എസ്.ചിത്ര.

1978ൽ തൃശൂരിലെ പതിനെട്ടാം സ്കൂൾ കലോൽസവം. ഓടക്കുഴലേ... ഓടക്കുഴലേ എന്നു തുടങ്ങുന്ന, ഒ.എൻ.വി. കുറുപ്പ് രചിച്ച് എം.ജി.രാധാകൃഷ്ണൻ സംഗീതം നൽകിയ ഗാനമാലപിച്ച് ലളിതഗാനത്തിൽ ചിത്ര ഒന്നാംസ്ഥാനം നേടി. സമ്മാനദാന ചടങ്ങ് ചില കാരണങ്ങളാൽ ആരംഭിക്കാൻ വൈകി. കാണികൾ അക്ഷമരാകുന്നു. ഒന്നാം സ്ഥാനം കിട്ടിയ കുട്ടി ഒരു പാട്ടു പാടു, സംഘാടകർ അഭ്യർഥിച്ചു.

സമ്മാനം കിട്ടിയ പാട്ടാണു ചിത്ര ആദ്യം പാടിയത്. അപ്പോഴേക്കും വേദിയിലേക്ക് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോനെത്തി. ഒരു പാട്ട് കൂടി പാടൂ... മുഖ്യമന്ത്രിയുടെ അഭ്യർഥന. ചിത്ര പാടി. ഉദയഭാനുവിന്റെ പാട്ട്. 'ഒരു പാട്ട് പാടുവാൻ വന്നവൾ നീ സഖീ ഒരായിരം പാട്ട് പാടിയാലോ... സന്ദർഭത്തിനൊത്ത പാട്ടായതിനാൽ സദസ്സിൽനിന്ന് കൂട്ടച്ചിരിയുയർന്നു. ഗൗരവക്കാരനായ അച്യുതമേനോനും ചിരിച്ചു. പിന്നീടത് കയ്യടിയിലേക്കു വഴിമാറി'

'പാടാനായി മുഖ്യമന്ത്രി ക്ഷണിച്ചപ്പോൾ പെട്ടെന്ന് ഓർമവന്ന പാട്ട് പാടുകയായിരുന്നു' ചിത്ര വീണ്ടും ചിരിക്കുന്നു.

മത്സരത്തിനു പോകുമ്പോൾ വീട്ടിൽ സമ്മർദമൊന്നും ഉണ്ടായിരുന്നില്ല. സമ്മാനം കിട്ടിയാൽ കിട്ടി ഇല്ലെങ്കിൽ ഇല്ല ഇതായിരുന്നു വീട്ടുകാരുടെ നിലപാട്. ഇന്നതല്ല അവസ്ഥ. സമ്മർദമുണ്ടായാൽ കുട്ടികൾക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കാനാകില്ല – ചിത്ര പറയുന്നു. കണ്ണൂരിൽ വീണ്ടും ചിരി കിലുങ്ങുന്നു. ചിത്രയുടെ ചിരി.

‘ചിത്രകല’യുടെ കണ്ണോരത്ത്

ഓർമച്ചിത്രങ്ങൾ ഒരായിരം

- മലയാള മനോരമ ഒരുക്കിയ 'ചിത്രകല' പ്രദർശനത്തിന് പൊലീസ് മൈതാനിയിൽ തുടക്കം

കണ്ണൂർ കലോത്സവ വേദിയിൽ മലയാള മനോരമ സംഘടിപ്പിച്ച ചിത്രപ്രദർശനം കാണുന്നവർ.

കണ്ണൂർ ● ആ കൗമാരക്കാരന്റെ പാട്ടു കേൾക്കാൻ സദസ്സിൽ ഏറെപ്പേരുണ്ടായിരുന്നില്ല. കേട്ടാൽ ഹൃദയത്തിൽ വന്നു പാർപ്പുറപ്പിക്കുന്നതായിരുന്നു ആ ശബ്ദം. തന്റെ പാട്ടുകേൾക്കാൻ സദസ്സു നിറയാതിരുന്നതിൽ അയാളൊട്ടു സങ്കടപ്പെട്ടതുമില്ല. ഉള്ളു നിറയെ സന്തോഷമായിരുന്നുതാനും.

മലയാളനാടിന്റെ തെക്കുവടക്കുനിന്നുമെത്തിയ പുത്തൻ കൂട്ടുകാർ ചുറ്റുമുണ്ടായിരുന്നു. അവരുമായുണ്ടായ പുത്തൻ ചങ്ങാത്തമായിരുന്നു സന്തോഷത്തിനു കാരണം. അക്കൂട്ടത്തിൽ ഏറ്റവും കൂട്ടായതു കുട്ടനോട്. കാലം പോകവേ ആ വായ്പാട്ടുകാരന്റെ പാട്ടുണ്ടെന്നു കേട്ടാൽ സദസ്സിൽ ഇരിപ്പിടമില്ലെന്ന നിലയായി. ഓരോ മലയാളിയും മനസ്സിൽ ആ പാട്ടുകാരന് ഇടമേകി ഗന്ധർവനെന്നു വിളിച്ചു. കുട്ടനെ ഭാവഗായകനെന്നും.

1958ലെ സ്കൂൾ കലോത്സവത്തിലാണു പള്ളുരുത്തി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ നിന്നെത്തിയ കെ.ജെ.യേശുദാസൻ വായ്പ്പാട്ട് മത്സരത്തിൽ ഒന്നാംസമ്മാനം നേടിയത്. അന്ന് ഇന്റർ സ്കൂൾ യൂത്ത് ഫെസ്റ്റിവലെന്നായിരുന്നു കലോൽസവത്തിനു പേര്. കുട്ടനെന്ന ജയചന്ദ്രനു താളവാദ്യത്തിൽ ഒന്നാംസ്ഥാനം. വിജയികൾ അവതരിപ്പിച്ച സംഗീതപരിപാടിയിൽ യേശുവിന്റെ പാട്ടിന് മൃദംഗം വായിച്ചത് കുട്ടൻ. പിന്നീടവർ മലയാളത്തിന്റെ പ്രിയപ്പെട്ട ദാസേട്ടനും ജയേട്ടനുമായി.

സ്കൂൾ കലോത്സവ വേദിയിൽ പിറവിയെടുത്തു പതിറ്റാണ്ടുകൾ പിന്നിടുന്ന യേശുദാസിന്റെയും ജയചന്ദ്രന്റെയും ആത്മബന്ധത്തിന്റെ കഥകൾ ഇതൾ വിരിയുന്നതു സംസ്ഥാന കലോത്സവത്തിന്റെ ഒന്നാം വേദിയായ പൊലീസ് മൈതാനിയിൽ. മലയാള മനോരമ ഒരുക്കിയ 'ചിത്രകല' പ്രദർശനത്തിൽ ഇവരുടെ അപൂർവ ചിത്രങ്ങളും കാണാം. മലയാള മനോരമ എഡിറ്റോറിയൽ റിസർച്ച് വിങ്ങിന്റെ സഹായത്തോടെ ഒരുക്കിയ പ്രദർശനം കലോത്സവം സമാപിക്കുന്നതുവരെ നീളും. പ്രവേശനം സൗജന്യം.

1957ൽ എറണാകുളത്ത് ആരംഭിച്ച് 2017ൽ കണ്ണൂരിലെത്തിയ സ്കൂൾ കലോത്സവം പിന്നിട്ട ചരിത്രവഴികൾ അടയാളപ്പെടുത്തിയ പ്രദർശനത്തിൽ കേരളത്തിനു തിലകക്കുറിയായി മാറിയ പ്രതിഭകളുടെ നേർച്ചിത്രങ്ങളുമുണ്ട്. കലോത്സവങ്ങളിലൂടെ വന്നു മലയാളി ജീവിതത്തിന്റെ ഭാഗമായി മാറിയ കെ.എസ്.ചിത്ര, സുജാത, മഞ്ജു വാരിയർ, കാവ്യ മാധവൻ, നവ്യാനായർ, വിനീത്, വിനീത് കുമാർ, ഗിന്നസ് പക്രു തുടങ്ങിയവരുടെ തിളക്കമാർന്ന വിജയ മുഹൂർത്തങ്ങൾ ക്യാമറക്കണ്ണുകൾ ഒപ്പിയെടുത്തത് അതേ ശോഭയോടെ പ്രദർശനത്തിലുണ്ട്. കണ്ണൂരിന്റെ ഹൃദയഭൂമിയിൽ കലാവസന്തം തീർത്ത സ്കൂൾ കലോത്സവ വാർത്തകളും ചിത്രങ്ങളും മലയാള മനോരമയുടെ പഴയകാല താളുകളിലൂടെ കാഴ്ചക്കാരുടെ മുന്നിലെത്തുന്നു.

1982ലാണ് കണ്ണൂർ ആദ്യമായി കലോത്സവത്തിന് ആതിഥ്യമേകിയത്. അന്ന് ഉദ്ഘാടനത്തിനെത്തിയ മുഖ്യമന്ത്രി കെ.കരുണാകരനെതിരെ കരിങ്കൊടി ഉയർന്നു. ലാത്തിയടിയുമുണ്ടായി. കലോത്സവ ചരിത്രത്തിൽ ഇതുരണ്ടും ആദ്യം. ഈ ചിത്രങ്ങൾ വീണ്ടും കാണികൾക്കു മുന്നിലെത്തുമ്പോൾ അന്നത്തെ രാഷ്ട്രീയ കാലാവസ്ഥയുടെ ചൂടു നമ്മേ തൊടും. ഇപ്പോഴത്തെ മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിയായിരുന്ന എം.എ.ബേബിയും കലോത്സവ വേദിയിലെ മോണോ ആക്ട് മത്സരം കണ്ട് ഉള്ളുതുറന്നു ചിരിക്കുന്ന ചിത്രവും പ്രദർശനത്തിൽ കാണാം.

പ്രദർശനം ഗായിക കെ.എസ്.ചിത്ര ഉദ്ഘാടനം ചെയ്തു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, പി.കെ.ശ്രീമതി എംപി, എ.എൻ.ഷംസീർ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി.സുമേഷ്, സിപിഎം ജില്ലാ സെക്രട്ടറി പി.ജയരാജൻ തുടങ്ങിയവരും പ്രദർശനം കാണാൻ എത്തി.

എല്ലാ പോരാട്ടവും 695–ാം നമ്പറിനുവേണ്ടി

- സ്ക്രൂഡ്രൈവർ, ഉളി, ചുറ്റിക, ആണി, ടൂത്ത് ബ്രഷ്, ചാരം... ഇതെല്ലാം കലോൽസവത്തിനുപയോഗിക്കുന്ന പണിയായുധങ്ങളാണ്.



കിരീടഭാരം : 40 കിലോ തൂക്കവും അരയാൾ പൊക്കവുമുള്ള ട്രോഫി. നാടകത്തിൽ ഒന്നാം സ്ഥാനം കിട്ടുന്ന ടീമിനു സമ്മാനിക്കാനുള്ളത്.

കണ്ണൂർ● എവർ 'റോളിങ് ' ട്രോഫി എന്ന പേര് അന്വർഥമാക്കുന്ന ചില ട്രോഫികളുണ്ട് കലോൽസവത്തിൽ. എല്ലാ വർഷവും കലോൽസവത്തിനു തിരികെയെത്തുമ്പോൾ ആണി ഇളകിയും സ്ക്രൂ ഊരിപ്പോയും ചില ഭാഗങ്ങൾ കറങ്ങിയും തിരിഞ്ഞുമിരിക്കും. ഇത്തരം ട്രോഫികൾ തട്ടിമുട്ടി സ്ക്രൂ മുറുക്കി വീണ്ടും റോളിങ്ങിനു തയാറാക്കുന്നത് ട്രോഫി കമ്മിറ്റിയംഗങ്ങൾ തന്നെ. അത്യാവശ്യം സഹായത്തിന് ഒരു ആശാരിയേയും കൂട്ടും. ചുറ്റിക, ആണി, സ്ക്രൂഡ്രൈവർ, അങ്ങനെ ആയുധങ്ങളെടുത്തു പെരുമാറും.

എന്നിട്ടും ശരിയായില്ലെങ്കിലോ വെൽഡിങ് വർക്ക്ഷോപ്പുകളിലേക്ക് ട്രോഫികൾ കൊണ്ടുപോകും. കമ്മിറ്റിക്കാരുടെ കൈക്രിയ കൊണ്ടു നേരെയാവാത്ത ട്രോഫികൾ ഇത്തവണ സൗത്ത് ബസാറിൽ കക്കാട് റോഡിലെ വെൽഡിങ് വർക്ക്ഷോപ്പിൽ കൊണ്ടുപോയാണു നന്നാക്കിയത്.

നന്നാക്കി കൊണ്ടുവന്നാൽ ചാരമെടുത്ത് ടൂത്ത് ബ്രഷുകൊണ്ട് ഉരച്ച് ട്രോഫികൾ മിന്നിക്കും.

695 – സ്വർണ ട്രോഫി

ട്രോഫികൾക്ക് രജിസ്റ്ററിൽ നമ്പറുകളാണ്. 695 വന്നോ, എന്നു ചോദിച്ചാൽ അതൊരു വലിയ ചോദ്യമാണ്. അതാണ് ഓവറോൾ കിരീടം നേടുന്ന ടീമിനു നൽകുന്ന സ്വർണ ട്രോഫി. 117.5 പവൻ.

ഈ ട്രോഫി കിരീടം ചൂടുന്ന അതതു ജില്ലയിലെ ജില്ലാ ട്രഷറിയിലാണു സൂക്ഷിക്കുക. അടുത്ത കലോൽസവമാകുമ്പോൾ പൊലീസ് സാന്നിധ്യത്തിൽ വിദ്യാഭ്യാസവകുപ്പ് അധികൃതർ ഏറ്റെടുക്കും. ഇത്തവണ കോഴിക്കോടുനിന്ന് കൊണ്ടുവന്ന കപ്പിനെ മാഹി പാലത്തിന്റെ അടുത്തുനിന്നു കണ്ണൂർ ജില്ല ആഘോഷമായി കൊണ്ടുപോന്നു.

അരയാൾ പൊക്കത്തിലൊരു ട്രോഫി

ഏകാംഗ നാടകം കളിച്ചു ഒന്നാമതെത്തിയെന്നിരിക്കട്ടെ, ട്രോഫി ഏറ്റുവാങ്ങാൻ പാടുപെടും. കാരണം, നാടകത്തിൽ ഒന്നാംസ്ഥാനം കിട്ടുന്ന സംഘത്തിനുള്ള ട്രോഫി ഒരാൾക്ക് ഒറ്റയ്ക്ക് എടുത്തുപൊക്കാനാവില്ല. 40 കിലോ തൂക്കം. അരയാൾ പൊക്കത്തിലൊരു നടരാജ വിഗ്രഹം.

രണ്ടും മൂന്നും പേർ ഒത്തുപിടിച്ചാണ് ഈ ട്രോഫി നീക്കി വയ്ക്കുന്നതുപോലും. മള്ളൂർ രാമകൃഷ്ണന്റെ ഓർമയ്ക്ക് ഏർപ്പെടുത്തിയ ഈ റോളിങ് ട്രോഫി തനി പിച്ചളയിലാണ് തയാറാക്കിയിരിക്കുന്നത്.

ഉണ്ടോ, എതിർപ്പില്ലാ രേഖ?

പല ജില്ലകളിലെ സ്കൂളുകളുടെ ഷെൽഫുകളിലിരിക്കുന്ന ഇരുന്നൂറിലേറെ റോളിങ് ട്രോഫികൾ മുഴുവൻ സംസ്ഥാന കലോൽസവ വേദിയിൽ തിരികെയെത്തി. ട്രോഫി കമ്മിറ്റി അതു കൈപ്പറ്റി അതതു ജില്ലകൾക്ക് എതിർപ്പില്ലാരേഖ എഴുതി നൽകണം. ആ ജില്ലയിൽ കൊണ്ടുപോയ എല്ലാ ട്രോഫികളും തിരികെയെത്തിയെന്നും അവർ മൽസരിക്കുന്നതിൽ തടസ്സമില്ലെന്നുമുള്ള ട്രോഫി കമ്മിറ്റിയുടെ സമ്മതപത്രമാണ് എതിർപ്പില്ലാ രേഖയെന്നു ട്രോഫി കമ്മിറ്റി കൺവീനർ സി.അബ്ദുൽ അസീസ് പറയുന്നു.

കലോത്സവ ഘോഷയാത്രയിൽ നിന്നൊരു ദൃശ്യം.

സംഘാടനം സൂപ്പറാ...!

സംഘാടകസമിതി യോഗം

കണ്ണൂർ● നോട്ട് നിരോധനംമുതൽ ഹരിത കലോൽസവം വരെ... ഓരോ ദിവസവും സംഘാടക സമിതി ഓഫിസിൽ പ്രതിസന്ധികളുടെ മാലപ്പടക്കമായിരുന്നു. ഇലയ്ക്കും മുള്ളിനും കേടില്ലാതെ പ്രതിസന്ധികൾ പരിഹരിച്ചതു സംഘാടക സമിതി ഓഫിസിലെ അഞ്ചു മണിക്കൂർ വാർ റൂം തന്ത്രങ്ങളാണ്.

പൊലീസ് മൈതാനിയോടു ചേർന്നുള്ള സ്കൗട്സ് ഭവനിലെ സംഘാടക സമിതി ഓഫിസ് അക്ഷരാർഥത്തിൽ കലോൽസവ തന്ത്രങ്ങളുടെ ബുദ്ധികേന്ദ്രമാണ്. സംഘാടക സമിതി ഓഫിസിനെ സംഘാടകർതന്നെ വിളിക്കുന്നത് ക്രൈസിസ് മാനേജ്മെന്റ് റൂം എന്നാണ്. പ്രതിസന്ധികൾക്കു പരിഹാരം കാണലും പിറ്റേ ദിവസത്തേക്കുള്ള തന്ത്രങ്ങൾ ഒരുക്കലുമാണ് പ്രധാന പ്രവർത്തനം.

24 മണിക്കൂറും തുറന്നിരിക്കുന്ന സംഘാടക സമിതിയുടെ യഥാർഥ സമയം വൈകിട്ട് ഏഴു മുതൽ രാത്രി പന്ത്രണ്ടുവരെയാണ്. പ്രശ്നത്തിന്റെ കടുപ്പത്തിനനുസരിച്ചു സമയം പിന്നെയും നീളും. കഴിഞ്ഞ ദിവസം സംഘാടക സമിതി പിരിഞ്ഞത് വെളുപ്പിനു രണ്ടരയ്ക്ക്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ.വി.മോഹൻകുമാർ, അഡീഷനൽ ഡയറക്ടർ ജെസി ജോസഫ്, കലക്ടർ മീർ മുഹമ്മദ് അലി, മേയർ ഇ.പി.ലത, ജില്ലാ പഞ്ചായത്തു പ്രസിഡന്റ് കെ.വി.സുമേഷ്, ഡിഡിഇ എം.ബാബുരാജൻ എന്നിവർക്കൊപ്പം വിവിധ സബ് കമ്മിറ്റികളുടെ കൺവീനർമാരും ചെയർമാൻമാരും ചേർന്നാണു പ്രധാന തീരുമാനങ്ങളെടുക്കുന്നത്.

നോട്ട് നിരോധനം മറികടക്കലായിരുന്നു സംഘാടക സമിതിക്കു മുൻപിലെ ആദ്യ വെല്ലുവിളി. കാഷ്‌ലസ് ഇടപാടിൽ ആ പ്രശ്നം പരിഹരിച്ചു. വേദികൾ വിട്ടുകിട്ടാത്തതും കിട്ടിയ വേദികളിലെ ഹരിത പ്രോട്ടോകോൾ കടുംപിടുത്തവും ഒരു കണക്കിനാണു മറികടന്നത്. വലിയ പ്രശ്നങ്ങൾക്കിടയിൽ അവഗണിക്കപ്പെട്ടെന്നു തോന്നുന്നവരുടെ പരാതികളും സങ്കടങ്ങളും വേറെ. കലോൽസവം ട്രാക്കിലായെന്നു തോന്നുമ്പോഴും സംഘാടക സമിതിയിൽ ചർച്ചകൾ അവസാനിക്കുന്നില്ല. ഓരോ ദിവസവും തുടങ്ങുന്നതുതന്നെ ഓരോ പ്രതിസന്ധിയിലാണെന്ന് സംഘാടക സമിതിക്ക് അറിയാം. കലോൽസവം കൊടി താഴുന്നതുവരെ അതിനു മാറ്റമുണ്ടാകില്ല.

മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി (സംഘാടക സമിതി ചെയർമാൻ)

പരാതികൾക്കെല്ലാം കഴിയുംവിധത്തിൽ പരിഹാരമുണ്ടാക്കാൻ ഒട്ടേറെ ഇടപെടലുകളാണു നടത്തിയത്. ഏഷ്യയിലെ ഏറ്റവും വലിയ കലാമേളയെ കണ്ണൂരിന്റെ സ്വന്തം മേളയാക്കി മാറ്റാൻ കഴിയുമെന്നു നൂറു ശതമാനം ഉറപ്പുണ്ട്. ജില്ലാ പഞ്ചായത്തിന്റെയും കോർപറേഷന്റെയും സഹകരണങ്ങൾ മറക്കാനാകില്ല.

കെ.വി.മോഹൻ കുമാർ (ഡിപിഐ)

കലോൽസവം ജനകീയ ഉൽസവമാക്കി മാറ്റാനാണു പരിശ്രമിച്ചത്. സ്കൂൾ കലോൽസവത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഹരിത കലോൽസവം എന്ന സ്വപ്നം യാഥാർഥ്യമായി. വിധി നിർണയത്തിനും മൽസരങ്ങൾക്കും മുൻപില്ലാത്ത വിധം സുതാര്യത ഉറപ്പാക്കി. പരാതികൾ ഒഴിവാക്കാൻ വിജിലൻസിന്റെ കർശന നിരീക്ഷണവുമുണ്ട്. പൂർണ ആത്മവിശ്വാസത്തോടെയാണ് കലോൽസവത്തിനൊരുങ്ങിയത്.

ജെസി ജോസഫ് (എഡിപിഐ)

പല പ്രതിസന്ധികളും പ്രതീക്ഷിച്ചെങ്കിലും ഒരു വെല്ലുവിളിയും ഉണ്ടായിരുന്നില്ല. നോട്ടുനിരോധനത്തെപോലും വളരെ ഫലപ്രദമായി മറികടക്കാൻ കണ്ണൂർ സഹായിച്ചു. ഇതുവരെയുള്ള ഒരുക്കങ്ങളെല്ലാം ശരിയായ ദിശയിൽ തന്നെയാണ്. കലോത്സവം വലിയ വിജയമാകുമെന്ന് ഉറപ്പുണ്ട്.

പരാതികൾ പറഞ്ഞോളൂ; കേൾക്കാൻ ആളുണ്ട്

കണ്ണൂർ ● സംസ്ഥാന സ്കൂൾ കലോത്സവത്തിലെ പരാതികൾ ആരും കേൾക്കില്ല എന്നു കരുതി പരാതികൾ ഇനി ഉള്ളിലൊതുക്കേണ്ട. വേദികളിലെ പരാതികൾ കേൾക്കാനും പരിഹാരം കണ്ടെത്താനും സംസ്ഥാന കലോത്സവത്തിൽ ആദ്യമായി 'പരാതി പരിഹാര സെൽ'.

കലോത്സവം സംബന്ധിച്ച ജനങ്ങളുടെ പരാതികളും നിർദേശങ്ങളും സ്വീകരിക്കാനാണ് പരാതി പരിഹാര കേന്ദ്രം പ്രവർത്തനം തുടങ്ങിയത്. കലോത്സവം മാനുവൽ പരിഷ്കരണത്തിന്റെ ഭാഗമായി അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കാനായി 'നിർദേശപ്പെട്ടിയും' ക്രമീകരിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ ആരംഭിച്ച കേന്ദ്രത്തിൽ ഒരു ജില്ലാ വിദ്യാഭാസ ഓഫിസറും രണ്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫിസറും ഉൾപ്പെടെയുണ്ടാകും. ഇവർ സ്വീകരിക്കുന്ന പരാതികൾ അപ്പോൾ തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും ജനറൽ കൺവീനറുടെയും മൊബൈലുകളിലേക്കെത്തും.. തുടർന്നു പരിഹാരം കണ്ടെത്തും. ഐടി അറ്റ് സ്കൂളുമായി ബന്ധപ്പെടുത്തിയാണ് പദ്ധതി. ഒന്നാം വേദിക്കു സമീപമാണ് കേന്ദ്രം.

പരാതി പറച്ചിൽ ഒരു മത്സര ഇനമല്ലെങ്കിലും പങ്കെടുക്കാൻ എത്തുന്നവരുടെ എണ്ണം കൂടുമെന്ന പ്രതീക്ഷയിലാണ് അധികൃതരും. പൊതുപ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് ലക്ഷ്യം. അപ്പീൽ പോലുള്ള പ്രശ്നങ്ങളിലെ പരാതിയുമായി എത്തരുതെന്നാണ് സംഘാടകരുടെ അപേക്ഷ.